# ഓർമ്മയിലെ പത്തുദിനങ്ങൾ

**പ**ഠനത്തോടൊപ്പം

പാഠ്യേതര വിഷയങ്ങളിൽ
ഇന്ന് ക്യാമ്പസ് എത്രത്തോളം
സജീവമാണ്?

**പ**ഠനമുറിക്കപ്പുറം

ഒരു പഠനമുണ്ടോ?
പാഠപുസ്തകങ്ങളിൽ നിന്നല്ലാതെ
പാഠങ്ങൾ പഠിക്കുന്നുവോ?

**വ്യ**ക്തിത്വവികസന

പ്രക്രിയയിൽ ഒഴിവുകാല
ശിബിരങ്ങൾക്ക് എത്രയേറെ പങ്കുണ്ട്?
ഫാറൂഖ്കോളേജ് നാഷണൽ സർവ്വീസ് സ്കീം
ദശദിന ക്യാമ്പിന്റെ അനുഭവക്കുറിപ്പുകൾ

**ഓർമ്മയിലെ പത്ത് ദിനങ്ങൾ**

**സീന.കെ** ഒന്നാം വർഷം ബി.എസ്.എസി. മാത്സ്

**ഓർമ്മിക്കുന്ന ഒരു ക്ലാസ്സ്**

**ദീപ.കെ.** ഒന്നാം വർഷം ബി.എസ്.സി. മാത്സ്

**ഓർമ്മയിൽ ഒരു ട്രിപ്പ്**

**കെ. വഫ റിയാലു** ഒന്നാം വർഷം ബിഎ. സോഷ്യോളജി

**അ**മ്മു, ഇന്ന് 21-12-95 വ്യാഴാഴ്ച സമയം അർദ്ധരാത്രിയോടടുക്കുന്നു നിനക്കറിയാവുന്നതുപോലെ ഈയൊരു ദിവസത്തിനുവേണ്ടി നമ്മൾ എന്നേ തയ്യാറെടുക്കാൻ തുടങ്ങിയിരിക്കുന്നു! വയനാട്ടിലെ ആറാട്ടുതറ ഗവ: ഹൈസ്ക്കൂളിൽവെച്ച് ഫാറൂഖ് കോളേജിലെ എൻ.എസ്.എസ്. അംഗങ്ങൾ നടത്തുന്ന ദശദിന ക്യാമ്പ് ഇന്നാരംഭിച്ചു.

ഞങ്ങൾ വിദ്യാർത്ഥികൾക്കൊപ്പം അദ്ധ്യാപകരായി ഹാസിഫ് സാറും യൂസഫലി സാറും ഹാസിഫ് സാറിന്റെ സുഹൃത്ത് ക്രിസ്റ്റോ എന്ന ജർമ്മൻകാരനും. പാചകക്കാരായ രണ്ടുപേർ.

ഇവിടെ എത്തിയ ഉടൻ ഞങ്ങൾ പെൺകുട്ടികൾ അവർക്കായി ഏർപ്പാടാക്കിയിരുന്ന വീട്ടിലേക്ക് പോയി. ക്യാമ്പിൽ നിന്നും പത്തുപതിനഞ്ച് മിനുട്ട് നടക്കാനുണ്ട്. വഴികാണിയ്ക്കാൻ വന്നത് പി.ടി.എ. പ്രസിഡന്റ് ജോഷ്വാ ചേട്ടനും ഹാസിഫ് സാറും സാറിന്റെ സുഹൃത്തും ക്യാമ്പിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുതരികയും ചെയ്ത ബാബുഫിലിപ്പ് സാറുമുണ്ട്. നല്ല വീടാണ്. അതിന്റെ ഒരു ഭാഗത്ത് ഒരു കുടുംബം താമസിക്കുന്നുണ്ട്. ഒന്ന് ഫ്രഷായ ശേഷം തിരിച്ച് ക്യാമ്പിലെത്തിയപ്പോഴേയ്ക്കും ഭക്ഷണം റെഡി. കഞ്ഞിയും പൂളയും. എല്ലാവരും മുറ്റത്ത് വട്ടമിട്ടിരുന്ന് കഴിച്ചു. എന്തൊരു രുചി. എനിക്കതിശയംതോന്നി. വീട്ടിൽ അമ്മ എത്ര നന്നാക്കിവച്ചാലും എന്നും സ്വാദ് പോരെന്ന് കുറ്റപ്പെടുത്തുന്ന എനിയ്ക്ക് കൊതിതീരെ കിട്ടിയില്ല. കാരണം സാധനം കഷ്ടി. ഒരല്പനേരത്തെ വിശ്രമത്തിനുശേഷം ഞങ്ങളെ നാലു ഗ്രൂപ്പുകളാക്കി തിരിച്ചു. ടൈഗർ, സീബ്ര, ഹോഴ്സ്, എലിഫന്റ് എന്നിങ്ങനെ പേരും തന്നു. ഞാൻ ടൈഗർ Ist ഗ്രൂപ്പിലാണ്. ക്രിസ്റ്റോ, വഫ, റഹ്മാൻ ബാബു, ദിനേശ്, ഫിറോസ്, ജയലക്ഷ്മി, സന്ദീപ്, രാകേഷ്, നവീൻ, നിസാർ മൊഹ്സിൻ എന്നിവരാണ് കൂടെ.

പിന്നെ രണ്ട് പേർ വീതം സ്റ്റേജിൽകയറി പരസ്പരം പരിചയപ്പെടുത്തലായിരുന്നു. പരിചയപ്പെടുത്തേണ്ടവ

രുടെ പേരുവിവരങ്ങൾ പലരും കാണാപാഠം പഠിയ്ക്കുന്നത് കാണാമായിരുന്നു. എനിക്ക് പരിചയപ്പെടുത്തേണ്ടത് റഹ്മാനെയെയിരുന്നു. ക്യാമ്പിന് അവൻ സുപരിചിതനായിരുന്നുവെങ്കിലും. തുടർന്ന് നാളത്തേയ്ക്കുള്ള മെസ്സ് കമ്മിറ്റിയെ തെരഞ്ഞെടുത്തു. നാളെ ഞങ്ങൾക്ക് ചെയ്യാനുള്ള കാര്യങ്ങളും തീരുമാനിച്ചു. മീറ്റിങ്ങ് കഴിഞ്ഞ് എല്ലാവരും ചേർന്ന് പാടി. "വീ ഷാൽ ഓവർ കം" തിരിച്ച് താമസസ്ഥലത്തേക്ക്.

നാളെ കുറേക്കൂടി നേരത്തെ കിടക്കാനാകുമെന്ന് തോന്നുന്നു. അമ്മൂ, ഇനി ഞാൻ കിടക്കട്ടെ.

### 22-12-95 വെള്ളിയാഴ്ച

ഗുഡ്മോർണിംഗ് അമ്മൂ, ഇന്ന് എഴുന്നേൽക്കാൻ തന്നെ 6 മണിയായി. അപ്പോഴുണ്ട് ഞങ്ങളുടെ വീട്ടുടമസ്ഥൻ തോമാച്ചേട്ടൻ കാണാൻ വന്നിരിക്കുന്നു. ഒരു മദ്ധ്യവയസ്കൻ. അദ്ദേഹത്തിന് ഒച്ചയം ബഹളവും ഒന്നും ഇഷ്ടമുള്ള കാര്യമല്ല. അത് സൂചിപ്പിക്കുകയും ചെയ്തു. അദ്ദേഹം പോയശേഷം ഞങ്ങൾ ധൃതിയിൽ പണിയൊക്കെ കഴിച്ച ശേഷം സ്കൂളിലെത്തിയപ്പോൾ ഏഴരയായി. ഇപ്പോഴാണ് സ്കൂൾ ശരിക്കും കാണുന്നത്. എല്ലാ സൗകര്യവും ഉണ്ട്. ഒരു കുന്നിന്റെ അടിവാരത്തിലാണ് സ്കൂൾ. മെയ്ൻ റോഡിൽനിന്നും തിരിയുന്ന കട്ട് റോഡ് കുന്നിന് മുകളിലേക്കുണ്ട്. റോഡിന്റെ ഇരുവശത്തും പരന്നുകിടക്കുന്ന വയൽ. നല്ല ഭംഗിയുള്ള സ്ഥലം. സ്കൂളിന് അടുത്തായി ഒരു ആദിവാസി കോളനിയുമുണ്ട്.

എട്ട് മണിക്ക് ഉദ്ഘാടനചടങ്ങാരംഭിച്ചു. പഞ്ചായത്ത് പ്രസിഡണ്ടും ഇവിടുത്തെ അധ്യാപകനുമായ ശ്രീധരൻ മാഷാണ് ഉദ്ഘാടനം ചെയ്തത്. ജോഷ്വാചേട്ടനായിരുന്നു അധ്യക്ഷൻ. ഫാദർ മാത്യുപൂന്തോപ്പിൽ, ഞങ്ങളുടെ കോളേജിലെ പൂർവ്വവിദ്യാർത്ഥിയും ഇവിടുത്തെ ഒരു പ്രമാണിയുമായ ഗൗഡർ ബാബുഫിലിപ്പ് സാർ. ഹെഡ്മാസ്റ്റർ സക്കറിയ എന്നിവർ പങ്കെടുത്തു. സിറാജ് ആണ് നന്ദി പറഞ്ഞത്. 9 മുതൽ 11.30 വരെ പണി. സ്കൂളിന്റെ തൊട്ടടുത്ത മേലേത്തട്ടിലാണ് പണിസ്ഥലം. ഒരു ചെറിയ കളിസ്ഥലമാണ് അത് വലുതാക്കിയെടുക്കണം. ഒരുഭാഗത്തുള്ള കുന്ന് ഇടിച്ച് നിരപ്പാക്കണം. ആ ഭാഗത്തുള്ള മരത്തിനുചുറ്റും കുറച്ച് ട്രാക്കുകൾ ഇടാവുന്ന വിധം ഒരു ചെറിയ മൈതാനംമൊരുക്കുകയാണ് ഉദ്ദേശം. ഓരോ ഗ്രൂപ്പും ഓരോ ദിവസവും ഒരു പ്രത്യേക സ്ഥലത്താണ് പണിയെടുക്കുക. കുറച്ച് ആൺകുട്ടികൾ ഇടിച്ചിടുന്ന മണ്ണ് ബാക്കിയുള്ള എല്ലാവരും കൂടി കുറച്ച് ദൂരെയുള്ള ചെങ്കുത്തായസ്ഥലത്ത് കൊണ്ടുപോയി ഇടും. മണ്ണ് തട്ടിയിടുമ്പോൾ ചിലപ്പോൾ കുട്ടയും താഴോട്ട് ഉരുണ്ട് പോകും. അപ്പോഴതെടുക്കാനായി ഉരസിയിറങ്ങും. പണിയെടുക്കുമ്പോൾ എല്ലാവരും പാട്ടുപാടി. അതുകൊണ്ടു തന്നെ സമയം പോയതറിഞ്ഞില്ല. 11.30 ന് ജോലി നിർത്തി വീട്ടിലേക്ക് പോയി. കുളിക്കാനൊരുങ്ങിയപ്പോൾ വെളിച്ചെണ്ണ കട്ടയായിരിക്കുന്നു. വെയിലത്ത് വെച്ച് ഉരുക്കേണ്ടിവന്നു തേയ്ക്കാൻ. നെയ്യുപോലെ തോണ്ടി തേച്ച വിരുതത്തികളുമുണ്ട്. ഡിസംബറിൽ വെളിച്ചെണ്ണ കട്ടയായി നമ്മളിതുവരെ കണ്ടിട്ടില്ലല്ലോ അമ്മൂ. കുളിച്ചെത്തിയപ്പോൾ മണി രണ്ട്. ഊണിന് നല്ല രുചി. പിന്നെ ഒരല്പം വിശ്രമം. അതിനുശേഷം ഇന്നലെ പ്ലാൻ ചെയ്തപോലെ മുറികളൊക്കെ വേർതിരിച്ചു. ഇനി ഇവിടെയാണ് രാത്രി കിടത്തം. ഉച്ചയ്ക്ക് മാത്രം വീട്ടിൽ പോകും. പിന്നെ, ഫുഡ്, ഹെൽത്ത് പ്രോഗ്രാം, കൾച്ചറൽ തുടങ്ങിയ കമ്മിറ്റികൾ ഉണ്ടാക്കി. മെസ് കമ്മിറ്റിക്ക് അതാതുദിവസത്തെ ചുമതലമാത്രമേയുള്ളൂ. ഫുഡ് കമ്മിറ്റിയ്ക്കാണ് നിയന്ത്രണം. ഞാൻ പ്രോഗ്രാമിംഗ് കമ്മിറ്റിയിലായിരുന്നു. പിന്നീട് പുഴയിലേക്ക് പോയി. നമ്മുടെ പ്രിയപ്പെട്ട കബനി. സന്ധ്യയായി കബനിയിലെത്താൻ. അവിടെ വെച്ച് സെവൻഅപ് എന്ന സോഷ്യൽ ഗെയിം കളിച്ചു. ആ കളി എനിക്കിഷ്ടമായില്ല. അമ്മൂ, കളിതോറ്റവർ വട്ടത്തിലിരുന്ന് ഒരു പാട് പാട്ടുകൾ പാടി. അബൂബക്കർ കൊതുകിന്റെ ഒരുപാട്ട് പാടി. അതോടെ ആൾ കൊതുക് അബുവുമായി. എഴ് മണിയായപ്പോൾ മടങ്ങി. കളിക്കുന്ന നേരംകൊണ്ട് അവിടെ കുറച്ച് നേരം വിശ്രമിക്കുകയായിരുന്നു നല്ലത് എന്ന് തോന്നി. പുഴനോക്കി, മാനം നോക്കി ഒരു പാട് പാട്ടുകൾ പാടി. സുഭാഷിനും അബുവിനുമൊക്കെ ഒരു പാട് പാട്ടറിയാം. പിന്നെ അന്നത്തെ ക്യാമ്പിനെവിലിയിരുത്തി.ഭക്ഷണത്തിനുശേഷം കൾച്ചറൽ പ്രോഗ്രാം ഉണ്ടായിരുന്നു. ക്യാമ്പഗങ്ങളുമായി കുറച്ചുകൂടി അടുപ്പമായി. ഇന്നത്തെ നല്ല ഗ്രൂപ്പ് ടൈഗർ ആണ്. മാൻ ഓഫ് ദ ഡേയായി ക്രിസ്റ്റഫിനെയും വുമൺ ഓഫ് ദ ഡേയായി ഷെറീനയേയും തെരഞ്ഞെടുത്തു.

### 23-12-95 ശനിയാഴ്ച

അമ്മൂ, ഇന്ന് വിശദീകരിച്ച് പറയാനൊന്നും സമയമില്ല. വല്ലാതെ ഉറക്കം വരുന്നു. ഇന്ന് പതിവുപണിക്കുശേഷം മൂന്ന് മണിക്ക് ശ്രീ. മണിലാലിന്റെ ക്ലാസ് പറഞ്ഞിരുന്നു. സാർ വൈകിയതിനാൽ ഞങ്ങൾ ഒരു ഡിബേറ്റ് നടത്താൻ തീരുമാനിച്ചു. Love Marriage and arranged Marriage എന്നതായിരുന്നു വിഷയം. ചർച്ച നടന്നുകൊണ്ടിരിക്കെ ശ്രീ മണിലാൽ എത്തി. ക്ലാസിനുശേഷം ഡിബേറ്റ് നടത്താമെന്ന് വെച്ചു. ക്ലാസ് നാല് മണിക്ക് ആരംഭിച്ചു. സർ കോഴിക്കോട് സുരക്ഷാ ഹോസ്പിറ്റലിലെ കൗൺസിലറായിരുന്നു. Drug addiction ആയിരുന്നു വിഷയം. ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ചയുണ്ടായി.



ക്ലാസിനുശേഷം ഡിബേറ്റ് ആരംഭിച്ചു. നല്ല അവതരണം ദീപയുടേതായിരുന്നു. ലൗമാര്യേജിനെ എതിർക്കുന്ന വാദമുഖങ്ങളാണ് അവൾ നിരത്തിയത്.

നജീബും അശ്വതിയും ഏറ്റവും നല്ല വളണ്ടിയർമാരായി തെരഞ്ഞെടുക്കപ്പെട്ടു.

**24-12-95 ഞായറാഴ്ച**

ഇന്ന് 7.30 മുതൽ 9 വരെയും ഭക്ഷണശേഷം 12 വരെയും പണിയെടുത്തു. ഇന്ന് ഉമ്മർ ഫാറൂഖ് സ്സാർ വന്നിരുന്നു. ഉച്ചയ്ക്ക്ശേഷം സാർ Friendships and Relationships എന്ന വിഷയത്തിൽ ക്ലാസെടുത്തു. ഒരുപാട് നല്ല കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. വൈകുന്നേരം നടക്കാൻപോയി. പാട്ട്പാടികൊണ്ടാണ് ഞങ്ങൾ നടന്നത്. കബനിയുടെ മറ്റൊരു സുന്ദരമുഖം. ചില ആൺകുട്ടികൾ അക്കരെയ്ക്ക് നീന്തിപ്പോയി. ഞങ്ങൾ ക്രിസ്റ്റഫിനോട് സംസാരിച്ചു നിന്നു. ജർമ്മനിയിൽ ഡിഗ്രിയെടുക്കുന്നതിന് മുമ്പ് ഒരുവർഷം ആർമി സർവ്വീസോ സോഷ്യൽ സർവ്വീസോ ചെയ്യണം. അവൻ തിരഞ്ഞെടുത്തത് സാമൂഹ്യ സേവനമാണ്. ഇപ്പോൾ ആലപ്പുഴയിൽ ഇതിനായി പ്രവർത്തിക്കുന്നു.

അക്കരെ പോയവർ വന്നത് കുറെ വിറകുമായാണ്. അപ്പോഴാണ് ആ യാത്ര വിറക് കൊണ്ടുവരാനായിരുന്നു എന്ന് മനസ്സിലായത്. ഇന്ന് ക്രിസ്തുമസ് കരോൾ നടത്തണമെന്ന് പ്ലാനിട്ടെങ്കിലും നടന്നില്ല. ക്രിസ്റ്റഫ് cake തന്നു. ഹാസിഫ് സാർ കോഴിക്കോട്ട് പോയിതിരിച്ചുവന്നു. ഇവാല്യേഷൻ സമയത്ത് പ്രദീപ് പറഞ്ഞു: നടക്കാൻ എന്ന പേരിൽ വിറക് കൊണ്ടുവരാൻ പോയത് നന്നായില്ല. സത്യം പറഞ്ഞിരുന്നെങ്കിലും ഞങ്ങൾ ചെയ്യുമായിരുന്നു." പക്ഷേ, അമ്മൂ, എന്റെ അഭിപ്രായം യൂസഫലി സാർ ചെയ്തതാണ് ശരിയെന്നാണ്. കാരണം വിറകെടുക്കാൻ എന്ന് അറിഞ്ഞിരുന്നെങ്കിൽ യാത്ര ഇത്രയും രസകരമാകുമായിരുന്നില്ല. ശരിയല്ലേ, അമ്മൂ. സിറാജിനേയും ഹസീനയേയും നല്ല വളണ്ടിയർമാരായും എലിഫന്റിനെ നല്ല ഗ്രൂപ്പായും തിരഞ്ഞെടുത്തു. ഞങ്ങൾ നാളെ രാവിലെ തിരുനെല്ലിയിൽ പോകും.

**25-12-95 തിങ്കളാഴ്ച**

അമ്മൂ, ക്രിസ്തുമസ് ദിനം. ഇന്ന് രാവിലെ 9.30ന് തിരുനെല്ലിയിലേക്ക് പോയി. മാനന്തവാടിയിലേക്ക് കയറിയ ബസ് തന്നെ തിരുനെല്ലിയിലേക്ക് ഒരു സ്പെഷ്യൽ ട്രിപ്പ് തരാൻ തയ്യാറായതുകൊണ്ട് അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. വഴിയിൽവെച്ച് നാട്ടിൽനിന്നും വരുന്ന സനന്ദിനെയും കയറ്റി. ഞങ്ങളുടെ കൂടെ വിനോദ്, സന്തോഷ് എന്നീ നാട്ടുകാർ വഴികാണിക്കാനായി ഉണ്ടായിരുന്നു. ഫാറൂഖ് സാർ വീട്ടിലേക്ക് മടങ്ങിയിരുന്നു.

തിരുനെല്ലി ക്ഷേത്രം, ദക്ഷിണ ഗയ, തെക്കൻകാശി, എന്നീ പേരുകളിൽകൂടി അറിയപ്പെടുന്ന പ്രസിദ്ധമായ മഹാവിഷ്ണു ക്ഷേത്രമാണ്. പാപനാശിനിയിൽ പിതൃകർമ്മങ്ങൾ ചെയ്യാനായി ധാരാളം പേർ നിത്യവും വരുന്നു. അതിനടുത്തുള്ള ശ്രീരാമ പാദം പതിഞ്ഞതെന്ന് വിശ്വസിക്കപ്പെടുന്ന പഞ്ചതീർത്ഥം, ഗുണ്ഡിക ശിവ ക്ഷേത്രം എന്നിവ പ്രസിദ്ധങ്ങളാണ്. ശിവക്ഷേത്രം ഞങ്ങൾ കണ്ടില്ല. ഞങ്ങൾ കുറച്ചുപേർ അമ്പലത്തിൽ തൊഴാനായി നിന്നു. ചെറിയൊരു അമ്പലമാണ്. പക്ഷേ, ശാന്തമായ അന്തരീക്ഷം. കാട്ടിൽനിന്നും വരുന്ന കല്പാത്തിയിലെ വെള്ളമാണ് അമ്പലത്തിൽ എടുക്കുന്നത്. ഇതൊരിക്കലും വറ്റാറില്ലത്രെ. ഞങ്ങൾ എത്തുമ്പോഴേക്കും മറ്റുള്ളവർ പാപനാശിനിയും കല്പാത്തിയുടെ ഉത്ഭവവും കണ്ടുമടങ്ങിയിരുന്നു.

തിരിച്ച് സ്റ്റോപ്പിലെത്തിയപ്പോൾ സമയം ഒരു മണിയാവാറായിരിക്കുന്നു. ഒരു ബസ് പോകാൻ തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു.

പിന്നീട് പഴശ്ശി സ്മാരകത്തിലിരുന്ന് ഭക്ഷണം കഴിച്ചു. വീണ്ടും സ്കൂളിലേക്ക്. ഇന്ന് വൈകുന്നേരമായിരുന്നു ജോലി. ഇന്ന് വളരെ രസമായിട്ടാണ് പണിയെടുത്തത്. ഗ്രൂപ്പ് തിരിവൊന്നും ഇല്ലായിരുന്നു. വളരെ ക്കുറച്ച് സമയംകൊണ്ട് ഒരുപാട് തീർത്തു. രാത്രി ഇന്നത്തെ ക്യാമ്പിനെക്കുറിച്ചുള്ള ചർച്ചയ്ക്കശേഷം അന്ത്യാക്ഷരം കളിച്ചു. അത് അവസാനം അടിയിൽ എത്തുമെന്ന സ്ഥിതിവരെയായെങ്കിലും നല്ല രസമായിരുന്നു. ഞങ്ങളുടെ ഗ്രൂപ്പാണ് ജയിച്ചത്. ഞങ്ങൾ ജയിക്കാൻ കാരണം നിസാറും മൊഹ്സിനുമാണ്. ഏതക്ഷരത്തിനും അവരുടെ കയ്യിൽ പാട്ടുണ്ട്. അമ്മൂ, നാളെ ഞങ്ങൾ കുറുവാ ദ്വീപ് കാണാൻ പോകുന്നു. കുറുവ മുഴുവനും ഒരു ദിവസംകൊണ്ട് കണ്ടുതീർക്കാൻ കഴിയില്ലത്രെ. ഇന്ന് മാൻ ഓഫ് ദ ഡേ രാജീവും വുമൻ ഓഫ് ദ ഡേ ഞാനുമാണ്.

## 26-12-95 ചൊവ്വാഴ്ച

9.45 നാണ് പോയത്. പോകാൻ നേരത്ത് ആൺകുട്ടികളുടെ റൂമിന്റെ താക്കോൽ കാണാതായത് കാരണം ഇറങ്ങാൻ നേരംവൈകി. ഹാസിഫ് സാറിന് ശരിക്കും ദേഷ്യംവന്നു. താക്കോൽകിട്ടാതെ പോവേണ്ടെന്ന് പറഞ്ഞു. അവസാനം ഷാജുവിന്റെ കയിൽനിന്ന് കിട്ടി. അവന് ഓർമ്മയില്ലായിരുന്നു. അവൻ മാപ്പ് പറഞ്ഞു. ഞങ്ങൾ 12 മണിയാവാറായപ്പോഴാണ് കാട്ടിലെത്തിയത്. ഇന്നത്തെ പ്രധാന വിശേഷം ഞാനും ഹാസിഫ് സാറിന്റെ മകനുമായി പരിചയപ്പെട്ടതാണ്. ഇന്ന് മുഴുവൻ ഞാനും അബുവും ഒരുമിച്ചായിരുന്നു. പുഴയിൽ നിറയെ വലിയ പാറകളാണ്. അതിന്റെ മുകളിലൂടെയാണ് അക്കരെ കടന്നത്. അക്കരെയിരുന്ന് വത്തക്കയും കഴിച്ച് പിന്നെയും നടക്കാൻ തുടങ്ങി. കാട്ടിലൂടെയുള്ള നടത്തം നല്ലരസമായിരുന്നു. പലരൂപത്തിലുള്ള മരങ്ങൾ ഓരോ മരം കാണുമ്പോഴും കൃഷ്ണൻ അവയ്ക്ക് പേര് കൊടുത്തു. കോണിമരം, തുരങ്കമരം, കെട്ടിപ്പിടിമരം എന്നിവ അവയിൽ ചിലതാണ്. പേരിൽ സൂചിപ്പിക്കുന്നതുപോലെ അവയുടെ ആകൃതി ആരെയും അതിശയിപ്പിക്കുന്നതാണ്. ഒരു മരത്തിന്റെ ശാഖ മറ്റൊന്നിനെ വന്ന് കെട്ടിപ്പിടിച്ചിരിക്കുന്നു. ആ കൊമ്പ് സുന്ദരിയായ ഒരു യുവതിയുടെ നീണ്ട ഭംഗിയുള്ള കൈവിരലുകളെ ഓർമ്മിപ്പിച്ചു. പുഴയിലേക്ക് ചാഞ്ഞ് കിടക്കുന്ന ഊഞ്ഞാലുപോലുള്ള വൃക്ഷക്കൊമ്പുകൾ. സുന്ദരിയായ കബനീനദി അവയോട് കുശലം പറഞ്ഞുകൊണ്ട് ശാന്തയായി ഒഴുകുന്നു. കുറച്ചുനടന്നതിനുശേഷം ഞങ്ങൾ ഒരു സ്ഥലത്തിരുന്നു. 'മാരിയപ്പൻ' എന്നൊരാളാണ് ഈ സ്ഥലം കാണിച്ചുതന്നത്. സാറിന്റെ മകൻ പറഞ്ഞു മുമ്പ് അവരിവിടെ വന്നപ്പോഴും മാരിയപ്പനായിരുന്നു വഴികാട്ടി എന്ന്. ഭക്ഷണത്തിനുശേഷം ഞങ്ങൾ പലയിടത്തായി കൂട്ടംകൂടിയിരുന്നു. ചില ആൺകുട്ടികൾ പുഴയിൽകുളിച്ചു. ഞാനും അബുവും മരക്കൊമ്പിലിരുന്ന് ഒരുപാട് കഥകൾ പറഞ്ഞു. അവന്റെ പേരിനർത്ഥം 'പുഞ്ചിരിക്കുന്നവൻ' എന്നാണത്രെ. ഇടയ്ക്കെങ്ങിനെയോ അവന്റ കഴുത്ത് ഉളുക്കിപ്പോയി. അത് അവനെ വല്ലാതെ അസ്വസ്ഥനാക്കിയിരുന്നു. കഴുത്ത് വെട്ടിച്ച് അത് മാറ്റിയെടുക്കാൻ അവൻ ശ്രമിക്കുന്നുണ്ടായിരുന്നു. നാല് മണിയായപ്പോൾ ഞങ്ങൾ കുറുവയിൽ നിന്നും യാത്ര തിരിച്ചു. പുഴകടന്ന് പാൽവെളിച്ചത്തി ലേക്ക് നടന്നു. എല്ലാവരും വളരെ പതുക്കെയാണ് നടന്നത്. റഹ്മാനും മറ്റും മുമ്പിൽ പോയിരുന്നതിനാൽ ഞങ്ങൾക്ക് ബസ് കിട്ടി. മാനന്തവാടിയിൽ വച്ച് യൂസഫലി സാർ നാട്ടി ലേക്ക് പോയി. ചിലപ്പോൾ നാളെ വരും. മാനന്തവാടിയിൽനിന്നു ഞങ്ങൾ കയറിയ ബസ്സിൽവച്ച് പാട യത് ഒരു യാത്രക്കാരന് ഇഷ്ടമായില്ല അയാൾ വഴക്കുപറഞ്ഞു. ഇന്ന ലെയും പോകുമ്പോൾ ഞങ്ങൾ പാട യിരുന്നു. എന്നാൽ ഇത്തരം പ്രതിക രണം ആദ്യമായാണ്. വള്ള യൂർക്കാവ് ക്ഷേത്രത്തിനടുത്തുള്ള സ്റ്റോപ്പിൽ ഞങ്ങളിറങ്ങി. ക്ഷേത്ര ത്തിൽ പോയില്ല. ഞങ്ങൾ പാല കടന്ന് അക്കരെ പോയി. പുഴയി നല്ല ഒഴുക്കുള്ള സ്ഥലത്ത് ഒരു വലി പൈപ്പിട്ടുണ്ട്. അതിലൂടെയാ വെള്ളം മറ്റുസ്ഥലങ്ങളിലേക കൊണ്ടുപോകുന്നത്. പൈപ്പി മിതെ വെള്ളംമറിഞ്ഞ് പാതയി വീണ് ചിതറുന്നത് കാണാൻ ന രസം. മുൻപേനടന്നിരുന്ന കുട്ടിക ആ കുഴലിന് മുകളിലൂടെ അക്ക കടക്കാൻ ശ്രമിച്ചപ്പോൾ, ഹാസി



സാർ വിലക്കി പാലത്തിലൂടെ പോകാമെന്ന് പറഞ്ഞെങ്കിലും ഇതാണ് എളുപ്പമെന്ന് പറഞ്ഞ് കുട്ടികൾ നടന്നുകഴിഞ്ഞിരുന്നു. എന്റെ ഒരു കയ്യിൽ വിറകും മറുകൈയ്യിൽ ചെരുപ്പും. നല്ല പേടിയുണ്ടായിരുന്നു. വീണാൽ താഴെ പാറയിൽ തലയിടിക്കും. കുഴലിന് നല്ല വഴുക്കലും ഉണ്ട്. അതിന്റെ മുകളിലൂടെ കടന്നത് വല്ലാത്തൊരു അനുഭവമായിരുന്നു. ഓരോ അടിവയ്ക്കാനും ഒരു പാട് സമയമെടുക്കുന്നതായിത്തോന്നി. വെള്ളം പാറയിൽ തട്ടി ചിതറുന്ന "പര പര" ശബ്ദത്തിനിടയിലും എന്റെ നെഞ്ചിടിപ്പ് ഉയർന്നുകേട്ടു. ഒരു ആൺകുട്ടി വീണാലും ഒരു പെൺകുട്ടിപോലും വീഴരുതെന്ന് പ്രാർത്ഥിച്ചതായി പിന്നീട് ഹാസിഫ് സാർ പറയുന്നത്കേട്ടു. വരുന്ന വഴി വീട്ടിൽ കയറി. കുറച്ചുകഴിഞ്ഞപ്പോൾ റഹ്മാന്റെയും ഷൽജിത്തിന്റെയും കൂടെ സജീറയും മെഹബൂബയും വന്നു. അവർ അന്ന് ഉച്ചയ്ക്കാണ് ക്യാമ്പിലെത്തിയത്. അങ്ങനെ ഞങ്ങൾ പെൺകുട്ടികൾ പതിനെട്ടു പേരായി.

സ്കൂളിലെത്തുമ്പോൾ 7.30 കഴിഞ്ഞിരുന്നു. പതിവ് പരിപാടികൾക്കു ശേഷം നേരത്തെ പിരിഞ്ഞു. നാളെ ഫീൽഡ് പബ്ലിസിറ്റി ഓഫീസറും പ്രശസ്ത പക്ഷിനിരീക്ഷകനുമായ ഉത്തമൻസാറിന്റെ ക്ലാസും സ്ലൈഡുകളുടെ പ്രദർശനവും ഉണ്ട്. ഇന്നൊരു പാട് എഴുതിയല്ലോ അമ്മൂ, ഞങ്ങളുടെ മുറിയിൽ ക്യാമ്പിലെ അവസാന ദിവസം അവതരിപ്പിക്കുന്ന പ്രോഗ്രാമുകളുടെ പ്രാക്ടീസ് പൊടിപൊടിക്കുകയാണ്. ഞാനതു കാണട്ടെ. ഇന്നിത്രമതി. ഇന്ന് മാൻ ഓഫ് ദ ഡേ കൃഷ്ണനനും, വുമൻ ഓഫ് ദ ഡേ അസീറേച്ചിയും ആണ്.

## 27-12-95 ന് ബുധൻ

അമ്മൂ, ഇന്ന് ഉച്ചയ്ക്ക് ശേഷം Demshad എന്ന കളി കളിച്ചു. ഏതെങ്കിലും ഒരു കാര്യത്തെ ആംഗ്യഭാഷയിൽ അവതരിപ്പിക്കുകയാണിത്. അതിൽ നല്ല പ്രകടനം കാഴ്ചവച്ചത് ഒന്നാം ഗ്രൂപ്പാണെങ്കിലും മൂന്നാം ഗ്രൂപ്പിനാണ് കൂടുതൽ പോയന്റ് കിട്ടിയത്.

സന്ധ്യക്ക് എഴ് മണിക്ക് ഉത്തമൻ സാറിന്റെ ക്ലാസ് തുടങ്ങി. ഒരുപാട് നല്ല സ്ലൈഡുകൾ അദ്ദേഹം കാണിച്ചുതന്നു.

അമ്മൂ, ഞങ്ങളുടെ പണി ഏറെക്കുറെ കഴിഞ്ഞുതുടങ്ങി. ക്യാമ്പ് കഴിയാറായി. ഇനി രണ്ട് ദിവസംകൂടി. ഓർക്കുമ്പോൾ വിഷമമുണ്ട്. പക്ഷെ, അച്ഛനോടൊത്ത് ചായകുടിക്കാനും സിമിയോട് അടികൂടാനും മറ്റും കൊതിയായിത്തുടങ്ങിയിരിക്കുന്നു. ഞാൻ വീട്ടിലേക്ക് രണ്ടെഴുത്തിട്ടിരുന്നു. മറുപടി കണ്ടില്ല.

## 28-12-95 വ്യാഴാഴ്ച

അമ്മൂ, ഇന്ന് മെസ്കമ്മറ്റിയിൽ ഞാനും ദീപയും ഉണ്ടായിരുന്നു.

ഇന്ന് ഉച്ചയ്ക്ക് ഒരുപാട് വിഭവങ്ങളുണ്ടായിരുന്നു. അതിനെ പല കൃത്രിമ പേരുകളും എഴുതി ഒട്ടിച്ചുവച്ചിരുന്നു. സ്കൂളിലെ കിണറ്റിലെ വെള്ളം വറ്റിയതുകാരണം ഇപ്പോൾ കുറച്ചുദിവസമായി താഴെയുള്ള കിണറ്റിൽനിന്നാണ് കൊണ്ടുവരാറ്.

പിന്നെ, ഞാൻ വേണുവേട്ടനെ നിനക്ക് പരിചയപ്പെടുത്തിയില്ലല്ലോ. ഞങ്ങൾക്ക് ഭക്ഷണം ഉണ്ടാക്കിതരുന്നത് വേണുവേട്ടനും, സുന്ദരേട്ടനും ആണ്. തിരുനെല്ലിയിലേക്ക് പോകുന്ന അന്ന് രാവിലെ ചപ്പാത്തി പരത്താൻ ചെന്നപ്പോഴാണ് ഞാൻ ആദ്യമായി അവരെ കാണുന്നത്. വേണുവേട്ടനും റഹ്മാനും രാജീവും ഞാനും നല്ല കമ്പനിയായിരുന്നു. രാജീവിനെ അധികസമയവും കാണാറ് അടുക്കളയിലും പിന്നെ ആദിവാസികളുടെ ഇടയിലുമാണ്.

പതിനൊന്നുമണിക്ക് ഞങ്ങൾ പണിയെടുക്കുന്നവർക്ക് കാപ്പിയും അവിലും കൊടുത്തു. ഇന്നുച്ചക്ക് ഷിബുചേട്ടനും മിനിച്ചേച്ചിയും ഞങ്ങളുടെ കൂടെ ഊണ് കഴിക്കാനുണ്ടായിരുന്നു.

ഉച്ചയ്ക്ക് ശേഷം അവർ സെക്സ് എജുക്കേഷൻ ക്ലാസ് എടുത്തു. വളരെ വിജ്ഞാനപ്രദമായ ക്ലാസ്. ആ ക്ലാസിനുശേഷം Sex എന്നു കേൾക്കുമ്പോഴേക്കും മുഖം ചുളിയ്ക്കുന്ന സ്വഭാവമൊക്കെ പോയി. ആറുമണിക്ക് ക്ലാസ് കഴിഞ്ഞു. അവർ നാളെയെ പോകുന്നുള്ളൂ. കുറച്ചുസമയം കൊണ്ട് മിനിച്ചേച്ചി ഞങ്ങളുടെ എല്ലാം ചേച്ചിയായി. എഴു മണിക്ക് ഞങ്ങൾ Passing the parcel കളിച്ചു. Music നിറുത്തുന്നതുവരെ കുറേ ചോദ്യങ്ങൾ എഴുതിയിട്ട ഒരു പെട്ടി കൈമാറിക്കൊണ്ടിരിക്കണം. മ്യൂസിക്ക് നിൽക്കുമ്പോൾ പെട്ടി ആരുടെ കയ്യിലാണോ അയാൾ പെട്ടിയിൽനിന്നെടുക്കുന്ന ചോദ്യത്തിന് ഉത്തരം പറയണം. ബാബുവിന് കിട്ടിയത് വലതു ഭാഗത്തിരിക്കുന്ന മൂന്ന് പെൺകുട്ടികളോട് വ്യത്യസ്ത രീതിയിൽ പ്രേമാഭ്യർത്ഥന നടത്താനായിരുന്നു. അതിലൊന്ന് ദീപയായിരുന്നു. അവൾ ബാബുവിന്റെ അഭ്യർത്ഥനയോട് പ്രതികരിച്ച രീതി ചിരിയ്ക്ക് വകയായി. ഒരു പെട്ടിയിൽ ക്യാമ്പിനെക്കുറിച്ചുള്ള കുറിപ്പുകൾ എഴുതിയിടാൻ പറഞ്ഞിരുന്നു. ഭക്ഷണത്തിനുശേഷം അത് വായിച്ചു. റഹ്മാനെക്കുറിച്ചും വഫയെക്കുറിച്ചും ആരോ എഴുതിയ കുറിപ്പിനാണ് സമ്മാനം കിട്ടിയത്. പിന്നെ ഞങ്ങളുടെ സംശയങ്ങൾ ഷിജുവേട്ടനും മിനിച്ചേച്ചിയും ഹാസിഫ് സാറും തീർത്തുതന്നു. അവർ നാളെ രാവിലെ പോകും. ഇന്നത്തെ നല്ല ഗ്രൂപ്പ് സീബ്ര ആണ്. ഇന്ന് മാൻ ഓഫ് ദ ഡേ രാജീവും നിസാറും, വുമൻ ഓഫ് ദ ഡേ ഞാനുമാണ്. സൗമിനിയും ആണ്.

## 29-12-95 വെള്ളി

ഇന്ന് പണി പൂർത്തിയാക്കി. മിനുക്കുപണികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഗ്രൗണ്ടിലുള്ള മരത്തിൽ ഒരു ചുരവും ഗാലറിയും ഉണ്ടാക്കി. പിന്നെ നാല് നിറത്തിലുള്ള കൊടികൾ പിടിച്ച് Flagmarch നടത്തി. ഓട്ടമത്സരവും നടത്തി. നിസാറും ഷറീനയും ആണ് ജയിച്ചത്. അതിനുശേഷം മുറികൾ വൃത്തിയാക്കി പഴയതുപോലെ വേർതിരിച്ചിട്ടു. സാധനങ്ങൾ പാക്ക് ചെയ്തു. വീട്ടിൽ പോയി സാധനങ്ങളെല്ലാം ഒരുക്കി വീട് വൃത്തിയാക്കി. വീട് പൂട്ടിതാക്കോൽ ഓമനചേച്ചിയെ ഏല്പിച്ചു. എല്ലാവരോടും യാത്രപറയുയും അവരെ ഇന്നത്തെ കലാപരിപാടികൾ കാണാൻ ക്ഷണിക്കുകയും ചെയ്തു. ഉച്ചയൂണിനിശേഷം എല്ലാവരും പ്രാക്ടിസ് ചെയ്യുകയായിരുന്നു. കലാപരിപാടികൾ കാണാൻ ധാരാളം പേർ വന്നിരുന്നു. ദീപയുടെ കവിത, മൈമുകൾ, ഡാൻസ്, സ്കിറ്റ് തുടങ്ങിയവ ഉണ്ടായിരുന്നു. പ്രദീപും കൂട്ടരും അവതരിപ്പിച്ച ഹാസിഫ് സാറിന്റെ ക്യാമ്പ്ജീവിതത്തെക്കുറിച്ചുള്ള മൈം വളരെ നന്നായി. പിന്നെ യൂസഫലി സാറും സിറാജും ഷറീനയും അവതരിപ്പിച്ച സ്കിറ്റും, ദീപയുടെ ഡോൾഷോപ്പും എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചു. ഡോൾഷോപ്പിലെ ബീവിയായി വന്ന ഹസീന കസറി. പ്രദീപും അബൂബക്കറും അവതരിപ്പിച്ച ജാലവിദ്യക്കാരനായ ചൈനക്കാരനെക്കുറിച്ചുള്ള പരിപാടി നന്നായി. ചൈനക്കാരൻ പ്രദീപും പരിഭാഷകനായി അബൂബക്കറും. കണ്ണ് കെട്ടിയശേഷം എന്ത് സാധനം കാണിച്ചാലും അതിന്റെ പേർ പറയാൻ മാന്ത്രികന് കഴിയുമെന്ന് പറഞ്ഞപ്പോൾ അതൊന്ന് പരീക്ഷിക്കാൻ വേണ്ടി നാട്ടുകാർ വന്ന് പാവം പ്രദീപിന്റെ കണ്ണ് മുറുക്കികെട്ടി. കെട്ടിയ ആൾ അവനെ നിരീക്ഷിക്കാൻവേണ്ടി സ്റ്റേജിൽതന്നെ ഇരുന്നിരുന്നു. കാണികൾ ഒരു ചെരുപ്പ് കാണിച്ചപ്പോൾ ചൈനീസ് എന്ന് തോന്നുന്നവിധത്തിൽ പ്രദീപ് എന്തോ ഉച്ചരിച്ചു. അബു അത് പരിഭാഷപ്പെടുത്തി. "അതൊരു ചെരിപ്പാകുന്നു" അപ്പോഴാണ് ഞങ്ങൾ വിഡ്ഢികളായത് നാട്ടുകാരറിയുന്നത്. ഷിറോജിന്റെയും മറ്റും മിമിക്സ് പരേഡും ഉണ്ടായിരുന്നു. പതിനൊന്ന് മണിക്ക് പ്രോഗ്രാമുകൾ അവസാനിച്ചു. ഭക്ഷണത്തിനുശേഷം ഞങ്ങൾ ഒത്തുകൂടിയിരുന്നു. Best campers നെ തിരഞ്ഞെടുക്കാൻ വോട്ടെടുപ്പ് നടത്തി. ക്യാമ്പിനെക്കുറിച്ച് ആകെയുള്ള ഒരു വിലയിരുത്തലായിരുന്നു ഇന്നത്തെ മീറ്റിംങ്. എല്ലാവരും തങ്ങളുടെ അഭിപ്രായം പറഞ്ഞു. രാത്രി രണ്ടുമണി കഴിഞ്ഞിരുന്നു ഇത് കഴിയുമ്പോൾ.

**Best male camper : Rahman**

**Best female campers : Shareena, Seena**

Best committee Convenor: Raheem

Best silent worker : Rajeev

Best Project worker : Nisar

Best Pleasing character :

Christopher

female : Shilu

Best mess man : Abubacker

woman : Deepa

Man behind the camp : Mohasin

എന്നിങ്ങനെയാണ് തിരഞ്ഞെടുത്തത്.

മീറ്റിംഗ് കഴിയുമ്പോഴേക്കും, ഉറങ്ങിതുടങ്ങിയിരുന്ന പലരെയും ഉണർത്തി camp fire-നു വേണ്ട ഒരുക്കങ്ങളായി. മുറ്റത്ത് തീയിട്ട് അതിനു ചുറ്റും വട്ടത്തിൽ നിന്ന് പാട്ടുപാടുകയും ഡാൻസ് ചെയ്യുകയും ചെയ്തു.

എല്ലാവരും പോകാനുള്ള ഒരുക്കത്തിലാണിപ്പോൾ. ഇന്നാരും ഉറങ്ങിയിട്ടില്ല. ഇങ്ങനെയൊരു രാത്രി ജീവിതത്തിലാദ്യമാണ്. ഈ മുറിയിൽ ഞങ്ങളുടെ ക്യാമ്പ് ഇന്ന് അവസാനിക്കുകയാണ് അമ്മൂ. ഇനി നാട്ടിലെത്തിയിട്ട് ക്യാമ്പിനെക്കുറിച്ച് പൊതുവിൽ പലതും പറയാനുണ്ട്. ഇപ്പോൾ നിറുത്തട്ടെ.

### 30-12-95 ശനിയാഴ്ച

വീട്ടിൽ വച്ചാണ് എഴുതുന്നത്. ഇന്ന് രാവിലെ പത്ത്മണിക്ക് ഇവിടെയെത്തി. ഒരുപാടുറങ്ങി. ഇപ്പോൾ രാത്രി 9 മണിയായി. ഇത്രയും നേരം ഞാൻ ക്യാമ്പ് വിശേഷങ്ങൾ അച്ഛനും അമ്മമയ്ക്കും അനിയത്തിക്കും പറഞ്ഞുകൊടുക്കുകയായിരുന്നു.

ഹാസിഫ് സാർ പറഞ്ഞിരുന്നു കാമ്പിൽനിന്ന് ഒരു അടുത്ത സുഹൃത്തിനെയെങ്കിലും കിട്ടിയെങ്കിൽ ഈ ക്യാമ്പ് കൊണ്ട് നിങ്ങൾക്ക് ഗുണമുണ്ടായി എന്ന്. ഞാൻ ക്യാമ്പിൽ ഇന്നലെ പറഞ്ഞിരുന്നു ക്യാമ്പ് വേണ്ടത്ര നന്നായില്ല എന്ന്. അത് തെറ്റിയെന്ന് ഇപ്പോൾ തോന്നുന്നുണ്ട് അമ്മൂ. കാരണം ആലോചിച്ചുനോക്കിയപ്പോൾ തോന്നുന്ന ചില കുറ്റങ്ങളും കുറവുകളും മാറ്റിനിറുത്തിയാൽ ക്യാമ്പ് വളരെ നല്ലൊരു അനുഭവമായിരുന്നു എന്ന്, ഇതുകൊണ്ടെനിക്കുണ്ടായ നേട്ടങ്ങൾ നിരവധിയാണ്.

1. എനിക്ക് ഒരു നല്ല സുഹൃത്തിനെകിട്ടി. റഹ്മാൻ. പിന്നെ ഹാസിഫ് സാറിന്റെ മകൻ അബുവും.

2. ക്ഷമ എന്ന നല്ല ശീലം എനിക്ക് സ്വായത്തമാക്കാൻ കഴിഞ്ഞു. വീട്ടിലാണെങ്കിൽ ഒന്നു പറഞ്ഞ് രണ്ടാമത്തതിന് വഴക്കിന് നിൽക്കുമായിരുന്ന എനിക്ക് ഇപ്പോൾ കുറെയൊക്കെ ക്ഷമിക്കാനും, ചിന്തിച്ച് പക്വതയോടെ പ്രവർത്തിക്കാനും കഴിയുന്നുണ്ടെന്ന് തോന്നുന്നു.

3. പി.എസ്.എം.ഒ. എന്ന കോളേജിൽനിന്നും ഫാറൂഖ് കോളേജിൽ എത്തിയ ഞാൻ എന്നിലേക്ക് തന്നെ ഉൾവലിയുന്ന ഒരു മാനസീകാവസ്ഥയിലാണ് ഈ ക്യാമ്പിൽ പങ്കെടുക്കുന്നത്. കാമ്പിൽനിന്ന് എനിക്ക് ഒരുപാട് സുഹൃത്തുക്കളെ കിട്ടി. ഞാൻ ഇതുവരെ കണ്ടെത്തിയിട്ടില്ലാത്തതരം ഒരുപാട് ഒരുപാട് വ്യക്തിത്വ ഗുണവിശേഷങ്ങളുള്ള ഒരുപിടി നല്ല സുഹൃത്തുക്കൾ.

വയനാട്ടിൽ രാവിലെയായിരുന്നു നല്ല തണുപ്പ്. രാവിലെ അഞ്ച് അഞ്ചരയാകുമ്പോൾ റഹ്മാൻ വന്ന് വാതിലിന് മുട്ടിവിളിക്കും. വേഗം പല്ലുതേച്ച് കാപ്പികുടിക്കും. അപ്പോൾ തണുപ്പൊന്ന് കുറയും. കാപ്പിയുണ്ടാക്കാറ് അബുവും റഹ്മാനുമായിരുന്നു. ഓരോ മെസ്കമ്മിറ്റിയോടും, രാത്രി അബു പറയുന്ന ഒരു പതിവു കാര്യമായിരുന്നു, വെള്ളം കൊണ്ടുവച്ചാലെ രാവിലെ കാപ്പിയുള്ളൂ എന്നത്.

ക്യാമ്പിൽ പത്രം കിട്ടിയിരുന്നില്ല. വാർത്തയും കേൾക്കാറുണ്ടായിരുന്നില്ല. പബ്ലിഷിംഗ് കമ്മിറ്റി 'പാര' എന്ന പേരിൽ ഒരു പത്രമിറക്കിയിരുന്നു. ക്യാമ്പിലെ ഓരോ ദിവസവും നടന്ന സംഭവങ്ങൾ ഹാസ്യാത്മകമായി അവതരിപ്പിക്കുകയാണ് ചെയ്തിരുന്നത്.

ഞങ്ങളുടെ ജോലിയെക്കുറിച്ച് പറയുകയാണെങ്കിൽ ആദ്യമാദ്യം അതാത് ഗ്രൂപ്പിൽ മാത്രം ഒതുങ്ങിയെങ്കിലും ആദ്യത്തെ ട്രാക്കുണ്ടാക്കിയതിനുശേഷം ഗ്രൂപ്പ് ചിന്തയൊക്കെ പോയി. എല്ലാവരും ഒത്തൊരുമിച്ച് പണിയെടുത്തു. ആദ്യമായി ഇത്തരം പണിയെടുക്കുന്ന പലരും ഉണ്ടായിരുന്നുവെങ്കിലും ഹാസിഫ് സാറിന്റെ ഭാഷയിൽ പറഞ്ഞാൽ ആരും വെളിച്ചം മറഞ്ഞിരുന്നില്ല.

അമ്മൂ. ക്യാമ്പിന് പല ദോഷങ്ങളും ഉണ്ടായിരുന്നു.

1. നിശ്ചിത സമയത്ത് ഒരുകാര്യവും നടന്നില്ല. യാത്ര തുടങ്ങിയതു മുതൽ അവസാനം വരെ സമയനിഷ്ഠ പാലിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല.

2. ആദിവാസി ബോധവൽക്കരണക്യാമ്പ് നടത്താൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും നടന്നില്ല.

3. ക്രിസ്തുമസ് കരോൾ നടത്താൻ കഴിഞ്ഞില്ല.

4. അന്തർമുഖരായവരെ പുറത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. എന്നാലും അവർക്ക് നേരിയ നേട്ടങ്ങളെങ്കിലും ക്യാമ്പുകൊണ്ടുണ്ടായിട്ടുണ്ടാകാം.

മുതിർന്ന അംഗങ്ങളുടെ പ്രവർത്തനഫലമായാണ് ഈ ക്യാമ്പ് നടത്താൻ കഴിഞ്ഞത്. അവരുടെ ഉത്തരവാദിത്വബോധവും മറ്റും പുതിയ അംഗങ്ങളിൽ ഇല്ലായിരുന്നു എന്നതാണ് സത്യം.

## ഓർമ്മിയ്ക്കുന്ന ഒരു ക്ലാസ

**ദീപ.കെ**

പി.കെ. ഉത്തമന്റെ ക്ലാസിലിരിക്കാനും അദ്ദേഹത്തിന്റെ വൈദഗ്ധ്യം മുഴുവൻ വ്യക്തമാക്കുന്ന സ്ലൈഡുകൾ കാണാനുമുള്ള സൗഭാഗ്യം ഞങ്ങൾ, ഫാറൂഖ് കോളേജ് വിദ്യാർത്ഥികൾക്കു ലഭിച്ചു. പശ്ചിമഘട്ടത്തിലെ മനോഹര പ്രകൃതിദൃശ്യങ്ങൾ അദ്ദേഹത്തിന്റെ സ്ലൈഡുകളിലൂടെ കൂടുതൽ ജീവസ്സുറ്റവയായി അനുഭവപ്പെട്ടു. പന്ത്രണ്ടുവർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന നീലക്കുറിഞ്ഞി, നീലഗിരിക്കുന്നുകളിൽ പൂത്തുനിൽക്കുന്ന അപൂർവ്വ ദൃശ്യമായിരുന്നു ഒരു സ്ലൈഡിൽ.

പുൽമെത്ത വിരിച്ച മലമടക്കുകൾക്കിടയിൽ താഴ്ന്ന പ്രദേശത്തു മാത്രം ഒന്നിച്ചു വളർന്നുനിൽക്കുന്ന മരങ്ങളുടെ കാഴ്ച അതീവഹൃദ്യമായി. ഷോലകൾ എന്നറിയപ്പെടുന്ന ഈ പ്രതിഭാസത്തിനു കാരണം ഫ്രോസ്റ്റാണെന്നത് വ്യക്തമാക്കുന്ന മറ്റു പല ഫോട്ടോകളും പ്രദർശിപ്പിക്കപെട്ടു. ഡോഡോ പക്ഷികളുടെ വംശനാശം സംഭവിച്ചതെങ്ങനെയാണെന്നും അതേതുടർന്ന് വിത്തുവിതരണം നടക്കാതെ കാൽവെരിയാ മേജർ എന്ന വൃക്ഷം ഭൂമിയിൽനിന്നും പാടെ ഇല്ലാതായതും അദ്ദേഹം വിവരിച്ചു. ആവാസവ്യവസ്ഥയിൽ ഓരോ കണ്ണിക്കും എത്രത്തോളം പ്രാധാന്യമുണ്ടെന്നതിന് ഒരു ഉത്തമോദാഹരണമാണിത്. ഒരേ വലിപ്പത്തിൽ വളർന്നുനിൽക്കുന്ന മരങ്ങളുടെ ഇടയിൽ ഒറ്റപ്പെട്ട് ഉയരത്തിൽ വളരുന്ന ഏമെർജന്റ് എന്നറിയപ്പെടുന്ന മരങ്ങളുടെ ഫോട്ടോകളും അദ്ദേഹം കാണിച്ചുതന്നു. ഇതെല്ലാം കണ്ടാസ്വദിച്ചിരുന്ന ഞങ്ങളുടെ മുമ്പിൽ പിന്നീടദ്ദേഹം പ്രദർശിപ്പിച്ചത് ഇത്തരം മനോഹര പ്രദേശങ്ങൾ മനുഷ്യർ കൈയേറി നശിപ്പിച്ചതിനുശേഷമുള്ള ദാരുണമായ കാഴ്ചകളായിരുന്നു. പ്രകൃതിയുടെ നൈസർഗികതയേക്കേറ്റ കനത്ത ആഘാതങ്ങളായിരുന്നു അവ. നമ്മുടെ തന്നെ നിലനില്പിന്നാധാരമായ ആവാസ വ്യവസ്ഥയിൽ ഭയാനകമാം വിധം പോറലുകളേറ്റിരിക്കുന്നു.

ഈ ക്ലാസ് പകർന്നുതന്ന അറിവും വിവേകവുമായി തിരുനെല്ലി, കുറുവ എന്നീ അനുഗൃഹീത പ്രദേശങ്ങൾ സന്ദർശിക്കാനുള്ള ഭാഗ്യവും ഞങ്ങൾക്കുണ്ടായി. പാപനാശിനിയുടെ പരിപാവനതയെ നശിപ്പിക്കുന്ന വിധത്തിലുള്ള പ്രവൃത്തികൾ അവിടെ കണ്ടു. ഇതേറെ ദുഃഖമാണ്. കുറുവയിലേക്കുള്ള ഞങ്ങളുടെ യാത്ര അവിസ്മരണീയമായ ഒരനുഭവമായി. കബനീനദി കുറുകെകടന്ന് വനത്തിലൂടെ സഞ്ചരിച്ചപ്പോൾ ഹൃദ്യമായ ദൃശ്യങ്ങൾ ഞങ്ങളുടെ കണ്ണുകൾക്കും മനസ്സിനും കുളിർമ നൽകി. കുറുവയുടെ മനോഹാരിത എത്ര വർണിച്ചാലും മതിയാവില്ല.

പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കു ഭംഗം വരുത്തുന്ന ശക്തികൾക്കെതിരെ പൊരുതേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## *ഓർമയിൽ ഒരു ദ്വീപ്*

**വഫ റിയാലു**

കെട്ടുപിണഞ്ഞു കിടക്കുന്ന വഴി. കൂർത്ത കുപ്പിച്ചില്ലുകൾ എന്നു തോന്നിക്കുന്ന പാറക്കൂട്ടങ്ങൾ. ഉറങ്ങിക്കിടക്കുന്ന എന്നിലെ ഭയത്തെ അലങ്കോലപ്പെടുത്തുന്ന ശബ്ദകോലാഹലങ്ങൾ, ജീവനുള്ള ശബ്ദങ്ങൾക്കുപരി അവയെ വഹിച്ചുനടക്കുന്ന ഭീഭത്സരൂപങ്ങൾ. കാടിനെപറ്റി ചിന്തിക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യം ഓടിയെത്തിയ ചിത്രം ഇതായിരുന്നു. എന്നാൽ എന്റെ ചിന്താഗതി തെറ്റിപ്പോയെന്ന് കുറുവാ ദ്വീപിലെത്തിയപ്പോഴാണെനിയ്ക്ക് ബോധ്യപ്പെട്ടത്.

പൊട്ടിവിടരുന്ന പ്രഭാതത്തിലും, ചുട്ടുപൊള്ളുന്ന വെയിലിലും സായാഹ്നങ്ങളിലും പച്ചിലകളുടെ സ്നേഹവായ്പോടുകൂടിയ തലോടൽ അവിടെയെത്തിയ ആർക്കും അനുഭവപ്പെടും. കളങ്കമറ്റ ഒരമ്മയുടെ സ്നേഹംപോലെ അതിനെ അടുത്തറിയാൻ ശ്രമിച്ചാൽ അഥവാ കുറച്ചുകൂടി ആഴത്തിലിറങ്ങിചെന്നാൽ ആ നിശബ്ദതയിൽ കാടിന്റെ ഹൃദയമിടിപ്പ് നമുക്ക് കേൾക്കാം. കാടിന്റെ ഒരു വശത്ത് ഒരു ചെറിയ പുഴ ഒഴുകിക്കൊണ്ടിരിക്കുന്നു, കബനി നദി. പടർന്നുപന്തലിച്ചു വൃക്ഷങ്ങൾ നദിയിൽ നിഴൽ സൃഷ്ടിച്ചിരിക്കുന്നതു കണ്ടപ്പോൾ പരസ്പരം സുഖദുഃഖങ്ങൾ പങ്കിട്ടെടുക്കുന്ന ഒരു സുഹൃത്താണോ അവ എന്നു തോന്നിപ്പോയി. കബനീനദിയിൽ നിന്നൊഴുകുന്ന സംഗീതവും, പച്ചിലകളുടെ കുശലം പറച്ചിലും കാടിനെ കൂടുതൽ സുന്ദരമാക്കി. പ്രകൃതി തന്റെ സൗന്ദര്യം മുഴുവൻ ഇവിടെ കേന്ദ്രീകരിച്ചിരിക്കുകയാണോ. സത്യത്തിൽ അസൂയ തന്നെ തോന്നി. ആ സുന്ദരലോകത്തെ ഏതെങ്കിലുമൊരു ജീവിയായി തീർന്നെങ്കിൽ എന്നാശിച്ചുപോകുന്നു.

കുറുവാ ദ്വീപിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് കബനീനദി കടക്കണം. കബനിനദിയിലെ ഒഴുക്കുകുറഞ്ഞ ഭാഗത്തെ കല്ലുകൾ ചവിട്ടിയാണ് അവിടെയെത്തിയത്. പുഴക്കരയിൽനിന്ന് എല്ലാവരും തണ്ണീർ ത്തൻ കഴിക്കുമ്പോൾ ഒഴുകിവരുന്ന തണുത്തകാറ്റിനെ നാണിപ്പിക്കത്തക്ക രീതിയിൽ തണുപ്പ് എല്ലാവരുടെയും മനസ്സിലുണ്ടായിരുന്നു. പിന്നീട് അന്ന് അഞ്ച് കി.മി. ഓളം കാട്ടിൽ കൂടി നടന്നു. കുറച്ച് സമയം വിനോദവേള പുഴയുമായി പങ്കിട്ടെടുത്തു. ഔഷധ ചെടികൾ കൊണ്ട് സമ്പുഷ്ടമായിരിക്കുന്ന ആ ഭൂമിയിൽ വെച്ച് ഞങ്ങളെല്ലാവരും ഭക്ഷണം കഴിച്ചു. വൈകുന്നേരത്തോടെ മടങ്ങി.

# സ്ത്രീപീഡനത്തിന്റെ കാണാപ്പുറങ്ങൾ

എം.എ. റഷീദ്,
രണ്ടാം വർഷം ബി.എ (സോഷ്യോളജി)




ഒരോ 102 മിനുട്ടിലും ഒരു സ്ത്രീ സ്ത്രീധന മരണത്തിനിരയാവുന്നു. ഓരോ 20 മിനുട്ടിലും ഒരു സ്ത്രീ പീഢിപ്പിക്കപ്പെടുന്നു. ഇന്ത്യയിൽ നടക്കുന്ന സ്ത്രീപീഢനങ്ങളെ അടിസ്ഥാനമാക്കി ഈയടുത്തകാലത്ത് നടന്ന പഠനങ്ങൾ പുറത്തുകൊണ്ട് വന്ന ഞെട്ടിക്കുന്ന കണക്കുകളാണ് മുകളിൽ സൂചിപ്പിച്ചത്. സ്ത്രീപീഢനം പുതിയ ഒരു സാമൂഹ്യപ്രശ്നമമല്ലെങ്കിലും ഇന്ന് അതിന്റെ തോതിൽ ഗണ്യമായ വർദ്ധനവും സ്വഭാവത്തിൽ കാരമായ മാറ്റവും സംജാതമായിട്ടുണ്ട്. നിയമവും ഗവൺമെന്റും, പോലീസുംമൊക്കെയുണ്ടായിട്ടും എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്? പീഢനങ്ങളുടെ സ്വഭാവമെങ്ങിനെ? ഉത്തരവാദി ആര്? ആണോ? പെണ്ണോ? സമൂഹമോ അതല്ല അധികൃതരോ? പീഢനകഥകളുടെ പിന്നാമ്പുറങ്ങളെക്കുറിച്ചുള്ള ചെറിയ ഒരു വിശകലനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

സ്ത്രീകൾക്കെതിരെയുള്ള പീഢനങ്ങളെ പ്രധാനമായും മൂന്നായി തരംതിരിക്കാം.

1. ഗാർഹിക പീഢനങ്ങൾ: സ്ത്രീധന പീഢന മരണങ്ങൾ, ഭർതൃപീഢനം, കുടുംബാന്തരീക്ഷത്തിൽ അരങ്ങേറുന്ന ലൈംഗിക പീഢനങ്ങൾ തുടങ്ങിയവ ഈ ഗണത്തിൽപെടുന്നു.
2. ക്രിമിനൽ പീഢനങ്ങൾ: ബലാൽസംഗം, തട്ടികൊണ്ടുപോകൽ, കൊലപാതകം തുടങ്ങിയവ ഈ വിഭാഗത്തിൽ ഉൾക്കൊള്ളുന്നു.
3. സാമൂഹ്യ പീഢനങ്ങൾ: ഭ്രൂണഹത്യ, ശിശുഹത്യ, വേശ്യാവൃത്തി, തുടങ്ങിയവ ഈ ഇനത്തിൽപ്പെടുത്താം.

### ഗാർഹിക പീഢനങ്ങൾ

ഇത്തരം പീഢനങ്ങൾ അരങ്ങേറുന്നത് ഒരേ കൂരക്കുകീഴിൽ താമസിക്കുന്ന രക്തബന്ധമുള്ളവരോ, ഇല്ലാത്തവരോ ആയ വ്യക്തികൾക്കിടയിലാണ് ഗാർഹിക പീഢനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ത്രീധന പീഢനം. ഇത്തരം പീഢനങ്ങൾ എല്ലാ കുടുംബങ്ങളിലും കാണപ്പെടുന്നുണ്ടെങ്കിലും. 70% നടക്കുന്നത് ഇടത്തരം കുടുംബങ്ങളിലാണ്. ഇവിടെ മിക്ക സംഭവങ്ങളിലും മർദ്ദി

തരും മർദ്ദകരും സ്ത്രീകളാണെന്നത് ഒരു വിരോധാഭാസമാണ്. ഈ പീഢനങ്ങളുടെ മൂലകാരണംതന്നെ സ്ത്രീധനമാണ്. 1961 -ലെ 'സ്ത്രീധന നിരോധന നിയമ' പ്രകാരം സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും ശിക്ഷാർഹമായി കണക്കാക്കപ്പെട്ടിട്ടുണ്ടെങ്കിലും എല്ലാ സമൂഹങ്ങളിലും ഇത് സാർവ്വത്രികമായി നിലനില്ക്കുന്നു. കൂടാതെ വിവാഹാലോചന വേളകളിൽ സ്ത്രീധനത്തെ സംബന്ധിച്ച് ശക്തമായ വിലപേശലുകളും നടക്കുന്നു. ഇത്തരം വിലപേശലുകളിലൂടെ തീരുമാനിക്കപ്പെടുന്ന സ്ത്രീധനം നിശ്ചയിച്ച കാലയളവിനുള്ളിൽ കൊടുക്കാൻ കഴിയാതെ പോകുമ്പോൾ അത് സ്ത്രീധന പീഢനങ്ങ





ളിൽ ചെന്നു കലാശിക്കുന്നു. ചിലപ്പോൾ പീഢനങ്ങൾ ശക്തമാവുകയും വസ്ത്രത്തിന് തീ പിടിക്കലിലും' 'സ്റ്റൗ പൊട്ടിത്തെറിയിലും അതിനോടനുബന്ധിച്ചുള്ള മരണങ്ങളിലേക്കുവരെ എത്തുന്നു. പീഢനങ്ങൾ സഹിക്കവയ്യാതെ പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും കുറവല്ല.

ഇത്തരം പീഢനങ്ങളുടെ അനുപാതത്തിൽ ഗ്രാമനഗര സമൂഹങ്ങൾക്കിടയിൽ വലിയ വ്യത്യാസംകാണപ്പെടുന്നു. അതായത് ഭർത്താവിനോടും കുടുംബാംഗങ്ങളോടുമൊപ്പം ഭാര്യ താമസിക്കുന്ന കുടുംബാന്തരീക്ഷത്തിലാണ് സ്ത്രീധന പീഢനങ്ങളിൽ അധികവും കണ്ടുവരുന്നത്. ഇവിടെ ചിലപ്പോൾ മാതാവിന്റെയും സഹോദരിമാരുടെയും കൂടെ ഭർത്താവും പലപ്പോഴും പീഢനങ്ങളിൽ പങ്കുചേരുന്നു എന്നത് മറ്റൊരു വസ്തുതയാണ്. ഇതിന് പിന്നിൽ മനഃശാസ്ത്ര പരമായ ഒരു വശം കൂടിയുണ്ട്. അതായത് തങ്ങളുടെ മകന്റെ അല്ലെങ്കിൽ സഹോദരന്റെ സ്നേഹവും പരിചരണവും തങ്ങൾക്ക് നഷ്ടപ്പെടുന്നു എന്ന തോന്നലിൽ നിന്നും അവരുടെ മനസ്സിൽ ഒരു അപകർഷതാ ബോധം അങ്കുരിക്കുകയും സ്ത്രീധന പ്രശ്നത്തിന് പുറമെ ഇത് പീഢനത്തിന് ഒരുൾപ്രേരണയാവുകയും ചെയ്യുന്നു.

ഭാര്യയെക്കുറിച്ച് ഭർത്താവിന്റെ മനസ്സിൽ വികലമായ ധാരണകൾ കുത്തിനിറയ്ക്കുക. നിരന്തരമായ പ്രേരണയിൽ വശംവദനാകുന്ന ഭർത്താവ് തന്നാൽ സംരക്ഷിക്കപ്പെടേണ്ട സ്തീയുടെ മർദ്ദകനാവുകയും ചെയ്യുന്നു.

ഗാർഹികാന്തരീക്ഷത്തിൽ ഉടലെടുക്കുന്ന മറ്റൊരു പ്രധാന കുറ്റകൃത്യമാണ് ഭർതൃപീഢനം. സ്ത്രീധന പീഢനത്തിന് പുറമെ പല കാരണങ്ങളാലും നടക്കുന്ന പീഢനങ്ങളാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത്തരം പീഢനങ്ങൾ ഗ്രാമനഗര സമൂഹങ്ങളിലും, എല്ലാതരം കുടുംബങ്ങളിലും ഒരുപോലെ കാണപ്പെടുന്നു. ഭർത്താവിന്റെ അമ്

തമായ മദ്യപാനം, ലൈംഗിക ജീവിതത്തിലുണ്ടാകുന്ന പരാജയം, ഭാര്യയുടെ മറ്റുള്ളവരോടുമായുള്ള ഇടപഴകലിൽ നിന്നും ഉത്ഭവിക്കുന്ന സംശയങ്ങൾ, പുറത്തുനിന്നുണ്ടാകുന്ന പ്രേരണകൾ തുടങ്ങിയ ഇത്തരം പീഢനങ്ങൾക്കും ചില കാരണങ്ങളാണ്. ഇത്തരം പീഢനങ്ങളിൽ അധികവും സ്ത്രീയുടെ കൊലപാതകത്തിലോ, ആത്മഹത്യയിലോ സമാപിക്കുന്നു. 1991-ൽ മാത്രം ഇത്തരത്തിലുള്ള 5,517 മരണങ്ങൾ നടന്നതായി ദേശീയ തലത്തിൽ നടന്ന പഠനങ്ങൾ വ്യക്തമാക്കുന്നു. ഇതിൽനിന്നു തന്നെ സംഭവത്തിന്റെ ഗൗരവം ഗ്രഹിക്കാമല്ലോ.?

വീട്ടുവേലക്കാരികളും, അകന്ന ബന്ധുക്കളായ സ്ത്രീകളും അനുഭവിക്കുന്ന ലൈംഗിക പീഢനവും, മറ്റു പീഢനങ്ങളുമാണ് ഗാർഹിക പീഢനങ്ങളിൽ അടുത്തത്. ജോലിസംബന്ധമായ പീഢനങ്ങളിലുപരി വീട്ടിലെ വിവാഹിതരും, അവിവാഹിതരുമായ പുരുഷൻമാർ ഒരു പോലെ ഈ വിഭാഗത്തിൽപ്പെടുന്ന സ്ത്രീകളെ ലൈംഗികമായി പീഢിപ്പിക്കുന്നു. ഇത്തരം രതിവൈകൃതങ്ങൾ പലപ്പോഴും ഗർഭധാരണത്തിനും അതുമൂലമുണ്ടാകുന്ന നിസ്സഹായതെയ്ക്കും, നിരാലംബതയ്ക്കും വൻ മാനസിക സംഘർഷത്തിനും ആത്മഹത്യയ്ക്കും കാരണമാകുന്നു. ഗർഭം അലസിപ്പിക്കാൻ വിസമ്മതിക്കുന്ന സ്ത്രീക്ക് ചിലപ്പോൾ പുരുഷനാൽ ജീവൻ തന്നെ നഷ്ടപ്പെട്ടേക്കും.

വിവാഹിതകളും അവിവാഹിതകളുമായ സ്ത്രീകളെ പീഢനത്തിൽനിന്നും രക്ഷിക്കാൻ നിയമങ്ങളേറെ ഉണ്ടായിട്ടും മിക്കസംഭവങ്ങളും അധികൃതരുടെ സമക്ഷത്തിൽ എത്തുന്നില്ല എന്നത് ഒരു പരമാർത്ഥമാണ്. ഗ്രാമീണ കുടുംബങ്ങളിൽ നടക്കുന്ന കൊടുംപീഢന കഥകൾ പലപ്പോഴും പുറംലോകം അറിയാതെ പോകുന്നു. അതായത് സാമ്പത്തികമായി ആശ്രിതയായ ഗ്രാമീണ സ്ത്രീ തന്റെ നിസ്സഹായതയും ഭാവിജീവിതത്തിലെ അനന്തരഫലങ്ങളും ഓർത്ത് സർവ്വപീഢനങ്ങളും സഹിക്കുന്നു. അതിലുപരി വിവാഹം കഴിച്ച സ്ത്രീകളുടെ കാര്യത്തിൽ കഷ്ടപ്പെട്ട് തന്നെ വിവാഹം കഴിപ്പിച്ച മാതാപിതാക്കളെ വേദനിപ്പിക്കാതിരിക്കാൻ എല്ലാം വിധിയിയെന്ന ഭാവത്തിൽ പീഢനകഥകൾ ഒളിച്ചുവെക്കുന്നു. എന്നാൽ നഗരാന്തരീക്ഷത്തിൽ ജീവിക്കുന്നവരും വിദ്യാസമ്പന്നരും സാമ്പത്തികമായ ആശ്രിതരുമല്ലാതെ സ്ത്രീകൾ പലപ്പോഴും പ്രതികരിക്കാൻ തയ്യാറാകുന്നുണ്ടെങ്കിലും അത് പലപ്പോഴും പീഢനങ്ങൾക്ക് ശക്തിക്കൂട്ടാനല്ലാതെ ഉപരിക്കുന്നില്ല. രണ്ടുതരം കുടുംബങ്ങളിലും പീഢനങ്ങൾമൂലം വിവാഹമോചനം നടത്തുന്ന സംഭവങ്ങളും കുറവല്ല. ഇവയിൽ കൊലപാതകങ്ങളിലും ആത്മഹത്യകളിലും എത്തിച്ചേരുന്ന ചില സംഭവങ്ങൾ മാത്രമാണ് നിയമത്തിന് മുമ്പിൽ എത്തുന്നത്. എന്നാൽ കൂടുതൽ സംഭവങ്ങളും നടക്കുന്നത് ഭർതൃവീട്ടിലായത്കൊണ്ട് തെളിവുകൾ ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കപ്പെടുന്നു. അതു കൊണ്ട് ഒട്ടുമിക്ക കേസുകളിലും കുറ്റവാളികൾ നിയമത്തിന്റെ പഴുതുകളിലൂടെ രക്ഷപ്പെടുന്നു. ഇത് ഒരു പരിധിവരെ കുറ്റവാളികൾക്ക് പ്രചോദനമാകുന്നുണ്ടെന്ന് പറയാതിരിക്കാൻ വയ്യ.

### ക്രിമിനൽ പീഢനങ്ങൾ

ക്രിമിനൽ പീഢനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഇന്നേറ്റവും ചർച്ചചെയ്യപ്പെടുന്നതുമായ ഒരു കുറ്റകൃത്യമാണ് ബലാൽസംഗം. വിശിഷ്യാ ബലാൽസംഗങ്ങളിലൂടെ സ്ത്രീപീഢനത്തിന് ഒരു പുതിയൊരു രൂപവും ഭാവവും കൈവന്ന ഈ സാഹചര്യത്തിൽ ഇത് പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. മുമ്പ് അപൂർവ്വമായി മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ബലാൽസംഗം ഇന്ന് ഒരു നിത്യസംഭവമാണ്. അതിലുപരി മുൻകാലങ്ങളിൽ കുറ്റവാളികൾ ഒന്നോ രണ്ടോ വ്യക്തികളായിരുന്നെങ്കിൽ ഇന്ന് റിലേ (കൂട്ട) ബലാൽസംഗംങ്ങളാണ് നടക്കുന്നത്. കുറ്റവാളികളിലധികവും 'വെള്ളക്കോളർ' ജോലിക്കാരാണെന്നതും ശ്രദ്ധേയമാണ്. ഔദ്യോഗിക കണക്ക് പ്രകാരം ഇന്ത്യയിൽ 1989, 1993 വർഷങ്ങളിൽ യഥാക്രമം 9150, 11242 ബലാൽസംഗങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്യുന്നു. കേരളത്തിലെ ഔദ്യോഗിക കണക്കുപ്രകാരം 1991, 92, 93 വർഷങ്ങളിൽ യഥാക്രമം 203, 212, 211 ബലാൽസംഗങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നു. കേരളത്തിലെ ബലാൽസംഗങ്ങളുടെ തോത് ഇരട്ടികണക്കിൽ വർദ്ധിച്ചിട്ടുണ്ടാവുമമെന്ന് ആനുകാലിക സംഭവ വികാസങ്ങൾ തെളിയിക്കുന്നു. പ്രായപൂർത്തിയാകാത്ത ബാലികമാരെയും, വൃദ്ധകളെയും മരണവെപ്രാളത്തിൽ പുളയുന്ന സ്ത്രീയെ പോലും ബലാൽസംഗം ചെയ്യപ്പെട്ടെങ്കിൽ നമ്മുടെ സദാചാരബോധം എവിടെയെത്തിയിരിക്കുന്നു എന്ന് ഊഹിക്കാമല്ലോ.?

ഈ വർദ്ധിച്ചു വരുന്ന ബലാൽസംഗങ്ങൾ എന്തുകൊണ്ട്? ഉത്തരവാദി ആര്? പുരുഷൻമാത്രം എന്ന ഉത്തരം ചിലപ്പോൾ തികച്ചും മൗഢ്യമായിരിക്കും. എന്നാൽ മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ ഉപഭോഗ സംസ്കാരം എന്ന് പറയുന്നതായിരിക്കും കൂടുതൽ ഉചിതം. കാരണം ആധുനിക സാങ്കേതിക വിദ്യയുടെ സൃഷ്ടികളായ പ്രസിദ്ധീകരണങ്ങളും ദൃശ്യശ്രവ്യമാധ്യമങ്ങളും ഇന്ന് മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സാരമായി ബാധിച്ചിട്ടുണ്ട്. ഇന്ന് സിനിമകളിലും മറ്റ് വിനോദോപാദികളിലും അശ്ലീലത്തിന്റെ സജീവ സാന്നിദ്ധ്യം നമുക്ക് ദർശിക്കാം. സാംസ്കാരിക കേരളത്തിൽ നിന്നിറങ്ങുന്ന സിനിമകൾപോലും ഇതിനൊരപ

വാദമല്ല. അർദ്ധനഗ്നരായും പൂർണ്ണ നഗ്നരായും മിനി സ്ക്രീനിലും ചിത്രങ്ങളിലും പ്രത്യക്ഷപ്പെടുന്ന മങ്കമാർ പുരുഷന്റെ മൃദുല വികാരങ്ങളെ തട്ടിയുണർത്തുന്നു. ക്ലബ് സംസ്കാരത്തിലൂടെയും കൂൾബാർ സംസ്കാരത്തിലൂടെയും മങ്കമാർ ഇത് ജീവിത കളരിയിൽക്കൂടി പ്രാവർത്തികമാക്കുമ്പോൾ പുരുഷന്റെ വികാരോദ്ദീപനം പൂർണ്ണത കണ്ടെത്തുന്നു. ഇതിലൊരു പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനം കാണാൻ കഴിയും.

അതുപോലെ നോവലുകളിലും സിനിമകളിലും രചിക്കപ്പെടുന്ന മാധുര്യമേറിയ പ്രണയകഥകളും, കാമുകീകാമുകൻമാരുടെ ത്യാഗവും സാഹസികതയും നിറഞ്ഞ ജീവിതവും യുവതീ യുവാക്കൻമാർക്കു പ്രചോദനമാ

കാമവെറിയൻമാരായ പുരുഷൻമാർ പലപ്പോഴും മുതലെടുക്കുന്നു. പല ബലാൽസംഗങ്ങൾക്കും ദല്ലാളുമാരുമായി കളമൊരുക്കികൊടുക്കുന്നത് സ്ത്രീകളാണെന്ന സത്യം ഇവിടെ സ്മരണീയമാണ്. അതുകൊണ്ട് തന്നെ വർദ്ധിച്ചുവരുന്ന ബലാൽസംഗങ്ങളുടെ അടിസ്ഥാന കാരണങ്ങളിലൊന്നായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും സ്വാധീനത്തെ പരിഗണിക്കാം.

സങ്കീർണ്ണമാകുന്ന സാമൂഹ്യബന്ധങ്ങളും ശിഥിലമാകുന്ന കുടുംബബന്ധങ്ങളും ഒരു പരിധിവരെ ബലാൽസംഗത്തിന് കാരണമാകുന്നു. ഉപഭോഗ സാംസ്കാരത്തിന്റെ അതിപ്രസരത്തിൽ ശിഥിലമാക്കപ്പെടുന്ന പ്രാഥമിക സാമൂഹ്യസ്ഥാപനമായ കുടുംബത്തിന്റെ ശിഥിലീകരണം




കുന്നു. ബലാൽസംഗത്തിനിരയാവുന്ന 64.1 % സ്ത്രീകളും 16 നും 25 നും ഇടയിൽ പ്രായമുള്ളവരാണെന്നത് തന്നെ ഈ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. കൂടാതെ കേരളത്തിൽ നടന്ന സൂര്യനെല്ലി ഉൾപ്പെടെയുള്ള പല ബലാൽസംഗകേസുകളിലും ആ സത്യം നിഴലിച്ചുകാണാം. നോവലുകളിലും സിനിമകളിലും കാണുന്നപോലെ സ്വന്തം വീട്ടുകാരെ ധിക്കരിച്ച് കാമുകന്റെ കൂടെ ഒളിച്ചോടുകയും, ഇറങ്ങിപ്പോരുകയും, ചുറ്റാനിറങ്ങുകയും ചെയ്യുന്ന പാവം പെൺകുട്ടി താൻ അപകടത്തിലേക്കാണ് നടക്കുന്നതെന്നറിയുന്നില്ല. ഈ ദൗർബല്യം

കാരണം ഈ സ്ഥാപനത്തിന്റെ ഉദാത്തമായ ധർമ്മങ്ങൾ മറ്റ് സ്ഥാപനങ്ങളിലേക്ക് നീക്കപ്പെടുന്നു. ഇതുമൂലം മാതാപിതക്കളുടെയും മറ്റു കുടുംബാംഗങ്ങളുടെ ശരിയായ ശിക്ഷണവും സ്നേഹവും ലഭിക്കാതെ പോകുന്ന കുട്ടികൾക്ക് പലപ്പോഴും സഹോദരി - സഹോദര ബന്ധത്തിന്റെ അർത്ഥവും വ്യപ്തിയും അറിയാതെ പോകുന്നു. ഇങ്ങനെയുള്ള യുവതലമുറ കുറ്റവാളികളാവുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഓരോ വ്യക്തിക്കും ജീവിതത്തിന് അർത്ഥവും പ്രതീക്ഷയും നൽകുന്നതും വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ കാര്യമായ പങ്കുള്ളതു

മായ സാമൂഹ്യ സ്ഥാപനമായ മതത്തിന്റെ കരുത്ത് കുറഞ്ഞുവരുന്നതും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പങ്കും വിസ്മരിക്കാവുന്നതല്ല.

ഇങ്ങിനെ വ്യത്യസ്തമായ കാരണങ്ങളാൽ ഒരു ദുർബ്ബല നിമിഷത്തിൽ വികാരത്തിനടിപ്പെട്ട് തന്റെ പവിത്രമായ ചാരിത്രം നശിക്കപ്പെടുന്ന പെൺകുട്ടി സമൂഹത്തിന് മുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു. പലപ്പോഴും വേശ്യാലയങ്ങളിലോ, വീട്ടിലെ ഇരുട്ടറകളിലോ അവർ അഭയം കണ്ടെത്തുന്നു. അവസാനം ആത്മഹത്യയെ പുൽകുന്നവരും കുറവല്ല.

എന്നാൽ ബലാൽസംഗകേസുകളിൽ അധികവും നിയമത്തിന്റെ വഴിയിലെത്തുന്നില്ല. ജോലി സ്ഥലങ്ങളിലും, വീട്ടിനുള്ളിലും ക്ലാസ്മുറികളിലും മറ്റും നടക്കുന്ന ബലാൽസംഗങ്ങളാണ് പലപ്പോഴും ഇങ്ങിനെ സംഭവിക്കുന്നത്. പുറംലോകമറിഞ്ഞാൽ തങ്ങളുടെ മക്കളുടെ ഭാവി അവതാളത്തിലാകുമെന്ന ആശങ്കകൊണ്ട് മിക്ക മാതാപിതാക്കൻമാരും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാൻ വിമുഖത കാണിക്കുന്നു. കൂടാതെ കോടതിമുറികളിലെ പരസ്യമായ വിചാരണ അതായത്, ധാരാളം ജനങ്ങളുടെ മുന്നിൽവെച്ച് എതിർവക്കീലിന്റെ അറപ്പിക്കുന്ന ചോദ്യങ്ങൾ പലപ്പോഴും ബലാൽസംഗത്തിനിരയായ കുട്ടിയെ കൂടുതൽ തളർത്തിയേക്കാം എന്ന ധാരണകളും റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് വിഘാതമായി നിൽക്കുന്നു. ഇനി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ തന്നെ പ്രതികൾ പലരും പകൽ മാന്യന്മാരായ വിശിഷ്ട വ്യക്തികളായാൽ രാഷ്ട്രീയമായ ഇടപെടലുകളിലൂടെയും പ്രതികരണം നഷ്ടപ്പെട്ടേക്കാം. ചുരുക്കിപറഞ്ഞാൽ ചെറിയ ഒരു ശതമാനം പ്രതികൾ മാത്രമേ ശിക്ഷിക്കപ്പെടുന്നുള്ളൂ. ഇതും കൂടി പ്രതികൾക്ക് അനുകൂലമായ ഒരു ഘടകമാണ്. അതുകൊണ്ട് ഇത്തരം സംഭവങ്ങളിൽ കാമത്തിന് കണ്ണില്ലെങ്കിലും നിയമത്തിന് കണ്ണുണ്ടാവണം.

തട്ടിക്കൊണ്ടുപോകലും കൊലപാതകവും ഒരു പരിധിവരെ ബലാൽസംഗത്തോടനുബന്ധിച്ച ക്രിമിനൽ പീഢനങ്ങളാണ് ഏറ്റവും പുതിയ കണക്കുപ്രകാരം ഇന്ത്യയിൽ ഓരോ ദിവസവും 42 സ്ത്രീകൾ വീതം തട്ടിക്കൊണ്ടുപോകലിനോ കൊലപാതകത്തിനോ ഇരയാകുന്നു. അതായത് 15,000 സ്ത്രീകൾ ഒരു വർഷം ഇത്തരം പീഢനങ്ങൾക്ക് വിധേയരാകുന്നു. മിക്ക തട്ടികൊണ്ടുപോകലിന്റെയും ഉദ്ദേശ്യം ലൈംഗികപരമാണ്. ചില സംഭവങ്ങളുടെ ഉദ്ദേശ്യം വിവാഹമാണെന്നും കാണുന്നു. സാമ്പത്തികമായ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ളവ പത്തിലൊന്നു മാത്രമാണ്. തട്ടികൊണ്ടുപോകുന്നവരും ഇരയാവുന്നവരും അധികവും അവിവാഹിതരോ മുൻപരിചയക്കാരോ ആണ്. പല സംഭവങ്ങളിലും സ്ത്രീകൾ ഉദ്ദിഷ്ട കാര്യങ്ങൾക്ക് വിസമ്മതിക്കുമ്പോൾ അത് കൊലപാതകത്തിൽ കലാശിക്കുന്നു. ബലാൽസംഗശ്രമങ്ങളിൽ പലപ്പോഴും സമൂഹത്തിന് മുമ്പിൽ പുരുഷന്റെ മുഖം സംരക്ഷിക്കാനാണ് സ്ത്രീകൾ കൊലചെയ്യപ്പെടുന്നത്. ഇവിടെ പുരുഷമേധാവിത്വത്തിന്റെ ഒരു പുറം കാണാൻ കഴിയും.

## സാമൂഹിക പീഢനങ്ങൾ

സാമൂഹിക പീഢനത്തിലൂടെ സ്ത്രീപീഢനം പുതിയ ഒരു വഴിത്തിരിവിലെത്തിയിരിക്കുകയാണ്. സാമൂഹിക പീഢനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഭ്രൂണഹത്യ. അതായത് ജനിക്കുംമുമ്പെ മരിക്കാൻ വിധിക്കപ്പെടുന്ന പെൺകുഞ്ഞുങ്ങൾ. ഇവിടെ ഒരു സ്ത്രീമാത്രമല്ല, സ്ത്രീവർഗ്ഗം മൊത്തത്തിലാണ് പീഢിക്കപ്പെടുന്നത്. ലോകത്ത് വർഷംപ്രതി കോടിക്കണക്കിന് കുഞ്ഞുങ്ങൾ ഗർഭപാത്രത്തിൽവെച്ച കൊല്ലപ്പെടുന്നു. പാശ്ചാത്യ വികസിത നാടുകളിൽ ദശാബ്ദങ്ങൾക്കു മുമ്പെ ഇതൊരു സാധാരണ സംഭവമാണെങ്കിലും സമീപകാലത്ത് ഇന്ത്യയിൽ ഈ പ്രവണത സാർവ്വത്രികമായിട്ടുണ്ട്. ഇന്ത്യയിൽ മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഇത് കൂടുതലായി കണ്ടുവരുന്നത്. നമ്മുടെ കൊച്ചു കേരളംപോലും ഇക്കാര്യത്തിൽ പിന്നിലല്ല എന്ന് പഠനങ്ങൾ തെളിയിക്കുന്നു. 1993 ഒക്ടോബർ മുതൽ 94 ജൂൺവരെയുള്ള കാലയളവിൽ കേരളത്തിൽ 35,800 ലേറെ യുവതികൾ ഗർഭഛിദ്രം നടത്തുകയുണ്ടായി. ഗർഭപാത്രത്തിനു പുറത്തുവെച്ച പെൺകുഞ്ഞുങ്ങൾ കൊലചെയ്യപ്പെടുന്ന സംഭവങ്ങളും കുറവല്ല. പെൺശിശുഹത്യയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം തമിഴ്നാടാണ്.

ഇതിന്റെ കാരണങ്ങളിലേക്ക് കണ്ണോടിക്കുകയാണെങ്കിൽ ഉപഭോഗ സംസ്കാരത്തിന്റെ സ്വാധീനം നമുക്ക് പരക്കെ കാണാൻ കഴിയും. നമ്മുടേത് ഒരു വ്യാപാര സംസ്കാരത്തിന്റെ ലോകമാണ്. മനുഷ്യബന്ധങ്ങൾ എന്നു മാത്രമല്ല, സ്വന്തം ഗർഭപാത്രത്തിൽ വളർന്ന, താൻ നൊന്തുപെറ്റ, തന്റെ ബീജത്തിൽജനിച്ച കുഞ്ഞിനെ വെച്ചുപോലും ലാഭചേതങ്ങൾ കണക്ക് കൂട്ടാൻ മാതാപിതാക്കൾ മടിക്കുന്നില്ല. വരുംകാലത്ത് കുട്ടിയെക്കൊണ്ട് നേടുകയോ, നഷ്ടപ്പെടുകയോ എന്നവർ കണക്ക് കൂട്ടുന്നു. പെൺകുട്ടിയായതിനാൽ സ്ത്രീധനവും മറ്റു ഭാരിച്ച ചിലവുകളും മാതാപിതാക്കളെയും അതിന് പ്രേരിപ്പിക്കുന്നു. പലപ്പോഴും നിർബന്ധിത ഗർഭഛിദ്രമാണ് നടക്കുന്നത്. ഭർതൃവീട്ടുകാരുടെ സമ്മർദ്ദത്തിന് മുമ്പിൽ എതിർക്കുന്ന സ്ത്രീ നിസ്സഹായയാകുന്നു. മിക്കസമയങ്ങളിലും സ്ത്രീകൾ കൂടി ഇതിനെ അനുകൂലിക്കുന്നു എന്നത് ദുഃഖകരമാണ്. ലിംഗനിർണയത്തിന്റെ ദുരുപയോഗം തടയാനും അതുമൂലം ഭ്രൂണഹത്യയുടെയും ശിശുഹത്യയുടെയും തോത് കുറക്കാനും നിയമനിർമ്മാണം നടത്തി

യിട്ടുണ്ടെങ്കിലും അതൊന്നും ഈ പീഢനം തടയാൻ പര്യാപ്തമല്ല.

വ്യഭിചാരം അഥവാ വേശ്യാവൃത്തി ഒരു പീഢനമായി സ്ത്രീകൾതന്നെ കണക്കാക്കുന്നില്ലെങ്കിലും യഥാർത്ഥത്തിൽ അവർ അറിയാതെ സ്വയം പീഢിതരാവുകയാണ് ചെയ്യുന്നത്. വേശ്യാവൃത്തി പുരുഷാധിപത്യത്തിന്റെ പ്രതീകമായി പരിഗണിക്കാം. ഇവിടെ പുരുഷൻ സ്ത്രീത്വത്തെയാണ് പീഢിപ്പിക്കുന്നത്. ഇത് ഇന്ന് ഒരു തൊഴിലായി പരിഗണിക്കുകയും അവരുടെ അവകാശങ്ങൾക്ക് ശബ്ദിക്കുകയും ചെയ്യുന്നുണ്ടെങ്കിലും തങ്ങൾ പീഢിതരാണെന്ന കാര്യം അവർ വിസ്മരിക്കുന്നു. സ്ത്രീകളെ പലപ്പോഴും വേശ്യാലയങ്ങളിലെത്തിക്കുന്നത് കൂട്ട ബലാൽസംഗമോ, ജോലി വാഗ്ദാനമോ ആയിരിക്കാം. ഇവർ പലപ്പോഴും വൻ തുകക്ക് വിൽക്കപ്പെടുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ വേശ്യാവൃത്തി തികച്ചും പീഢനത്തിന്റെ ഭാഗമാണ്.

ഇന്ത്യയിൽ സ്ത്രീ പീഢിതയും ചൂഷിതയുമാണെന്ന് രാഷ്ട്രീയ പാർട്ടികളും, മറ്റെല്ലാവരും ഒത്ത് സമ്മതിച്ചു കാര്യമാണ്. എന്നാൽ ക്രിയാത്മകമായ നടപടികൾ ഉണ്ടാകുന്നില്ലെന്ന് മാത്രം. ഭരണ പ്രതിപക്ഷ കക്ഷികൾ തങ്ങളുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ സ്ത്രീ പീഢന നിർമ്മാർജ്ജനത്തെ കുറിച്ചും സ്ത്രീക്ഷേമത്തെക്കുറിച്ചും നൽകിയ വാഗ്ദാനങ്ങൾ വെറും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ളതാണെന്ന് പല അധികാരികളുടെയും സ്ത്രീ പീഢനങ്ങളോടുള്ള പരിഹാസ രൂപേണയുള്ള സമീപനത്തിൽ നിന്നും വ്യക്തമാണ്. ഇത് തികച്ചും ഖേദകരമാണ്. ഇതിനെതിരെ സ്ത്രീ സംഘടനകൾ ശബ്ദമുയർത്തണം. തങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി അടരാടണം. തങ്ങളെ വെച്ചുള്ള മുതലെടുപ്പ് കണ്ടറിയാനുള്ള കഴിവ് സ്ത്രീ സംഘടനകൾക്കുണ്ടാകണം. പ്രതികരിക്കണം, പക്ഷേ, നിർഭാഗ്യകരമെന്ന് പറയട്ടെ. പല സ്ത്രീസംഘടനകളും രാഷ്ട്രീയ പാർട്ടികളുടെ കൈകളിലെ പാവകളാണെന്ന കാര്യം ദുഃഖകരമാണ്. എങ്കിലും സ്ത്രീ സംഘടനകളുടെ ഒരു സംഘടിത പോരാട്ടവും നിയമത്തിന്റെയും അധികൃതരുടെയും അകമഴിഞ്ഞ കനിവും കൂടിയുണ്ടായാൽ ഇന്ത്യയിലെ സ്ത്രീകൾക്ക് ഒരു മെച്ചപ്പെട്ട ജീവിതം നമുക്ക് പ്രത്യാശിക്കാം.